# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 368
## 03.03.2020 ലെ മറുപടിക്ക്

## ആസ്തി വികസന നിധി

| ചോദ്യം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ മാരുടെ നിയോജകമണ്ഡലം ആസ്തി വികസന നിധിയിൽ ഭരണാനുമതി നൽകപ്പെട്ട പദ്ധതികളുടെ തുക, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പദ്ധതിയുടെ നിർവഹണ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിന് മാസങ്ങളോളം കാലതാമസമുണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെന്ന് വിശദമാക്കാമോ; | തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ആസ്തിവികസന പദ്ധതികളിലെ പ്രവൃത്തികൾക്കുള്ള ചെലവ് 4515-00-800-96 projects under LAC-ADS(NP) എന്ന ശീർഷകത്തിൽ നിന്നാണ് വഹിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 172.10 കോടി രൂപ പൂർണ്ണമായി വിനിയോഗിച്ചു കഴിഞ്ഞതിനാലാണ് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം നേരിട്ടത്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി 2020 ഫെബ്രുവരി മാസത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ മേൽ ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തി പദ്ധതികൾക്കാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടി കൈകൊണ്ടിട്ടുണ്ട്. |
| (ബി) | ആസ്തി വികസന നിധിയും എം.എൽ.എ.എസ്.ഡി.എഫും വിനിയോഗിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടവയാണെന്നതിനാൽ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശീർഷകത്തിലേക്ക് പദ്ധതികൾക്കാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്ത് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ